032:2N04:12 F4 VIRAGHYA VIYDUTI RAMAN NAMBUDRI

032:2N04:12
F4

MUL
051120

DOCTRINA · VIM · PROMOVET INSITAM

## Madras University Library.

**Date Label.**

Ac. No. 51120 Cl. No. 032:2N04:12
F4

This book should be returned on or before the date last marked below.

Vairaghyavyduthi

# വൈരാഗ്യവൈദ്യുതി

---

ഗ്രന്ഥകർത്താ

പണ്ഡിതർ

ഇ. വി. രാമൻ നമ്പൂതിരി

E. V. Raman Nambudri

വില നാലണ

---

കോട്ടയ്ക്കൽ

ലക്ഷ്മീസഹായമുദ്രാലയത്തിൽ

അച്ചടിച്ചതു്.

1099

UNIVERSITY LIBRARY MADRAS APR 19..

511Re.
032:2N04:12
F4

…ERSITY LIBRA… APR 19 9 MADRAS

# അവതാരിക

പതിനേഴാം ശതാബ്ദത്തിന്റെ ആദിമാർദ്ധത്തിൽ രണ്ടു ചക്രവൎത്തിമാരാണു് 'മധുരാ'രാജധാനിയെ അലങ്കരിച്ചിരുന്നതു്. ഒരാൾ 'തിരുമലൈനായകൻ' എന്നു പ്രസിദ്ധനായ മഹാരാജാവും, മറ്റൊരാൾ, 'നീലകണ്ഠദീക്ഷിതർ' എന്നു പ്രഖ്യാതനായ കവിചക്രവൎത്തിയും ആയിരുന്നു. കവിചക്രവൎത്തിക്കു മറ്റേ ചക്രവൎത്തിയിൽനിന്നു് ഒരു ഭേദവും ഇല്ലെന്നില്ല. കവിചക്രവൎത്തിത്വത്തിനു പുറമേ, 'മധുരാ'ചക്രവൎത്തിയുടെ മന്ത്രിസ്ഥാനംകൂടി 'നീലകണ്ഠദീക്ഷിതൎക്കു' ഉണ്ടായിരുന്നു. അതനുസരിച്ചു 'ദീക്ഷിതർ' രാജ്യകാൎയ്യങ്ങളെ നിൎവ്വഹിക്കുകയുണ്ടായെങ്കിലും, അതു തൻകാൎയ്യം നടത്തിക്കൊണ്ടാണെന്നു്, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെക്കൊണ്ടനുമിക്കാം. അദ്ദേഹത്തിന്റെ പാണ്ഡിത്യപരിശ്രമങ്ങളുടെ ഫലമായി, 'കലിവിഡംബനം', 'സഭാരഞ്ജനം', 'അന്ന്യാപദേശശതകം', 'ശാന്തിവിലാസം', 'ആനന്ദസാഗരസ്തവം', 'ശിവോൽകൎഷമഞ്ജരി', 'വൈരാഗ്യശതകം', എന്നു് ഏഴു ലഘുകാവ്യങ്ങളും, 'നീലകണ്ഠവിജയം' എന്നൊരു ചമ്പൂകാവ്യവും, 'നളചരിതം' എന്നൊരു ദൃശ്യകാവ്യ(നാടക)വും, 'ഗംഗാവതരണം' എന്ന പ്രൌഢകാവ്യവും, 'ശിവലീലാൎണ്ണവം' എന്ന 'മഹാകാവ്യവും' 'കൈയടവ്യാഖ്യാനം', എന്നൊരു ശാസ്ത്രഗ്രന്ഥവും, 'ശിവതത്വരഹസ്യം' എന്നൊരു മതഗ്രന്ഥവും, സംസ്കൃതഭാഷ

യിൽ സംഭൃതമായിട്ടുണ്ടെന്നുള്ളതു സർവസമ്മതമാകുന്നു. വേറെയും പല ഗ്രന്ഥങ്ങൾ തൽപ്രണീതങ്ങളായിട്ടുണ്ടെന്ന് അനുമിക്കപ്പെട്ടിരിക്കുന്നുമുണ്ട്.

ശ്രീനീലകണ്ഠദീക്ഷിതർ ഒരു കവിസാർവഭൌമനായതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. അദ്ദേഹത്തിൻെറ പൂർവ ഗുരുക്കന്മാരും, മക്കളും, മററുള്ളവരും, വിദ്യാഗുരുക്കന്മാരും, സബ്രഹ്മചാരികളും, ചാർച്ചക്കാരും, വേഴ്ചക്കാരും, ശിഷ്യന്മാരും, ഒക്കെ ഇതുപോലത്തെ മഹാമഹാകവികളായിരുന്ന സ്ഥിതിക്ക്, ഇദ്ദേഹം അകവിയായിപ്പോയാലാണ് അത്ഭുതപ്പെടേണ്ടതു്.

ഋഷികല്പകവിയായ 'കാളിദാസർ', പരമാർത്ഥത്തിൽ കാളീദാസർതന്നെയോ എന്നുള്ളതു് ഇന്നും ചിലക്കു ചിന്ത്യമായിട്ടാണ് തോന്നുന്നതു്. എന്തെന്നാൽ, അദ്ദേഹത്തിൻെറ കൃതികളിൽ എങ്ങുംതന്നെ, പ്രായേണ, കാളീദാസത്വം പ്രസ്പഷ്ടമായി പ്രകാശിച്ചു കാണുന്നില്ല. ദീക്ഷിതകൃതികൾ ഏതൽഭിന്നങ്ങളാകുന്നു. അവ തൽകർത്താവിൻെറ 'കാളിദാസ'ത്വത്തെപ്പോലെ, കാളീദാസത്വത്തെയും പ്രകടമായി പ്രത്യേകം പ്രസ്ഫുടീകരിച്ചുതരുന്നു. എന്നുതന്നെയല്ല, നീലകണ്ഠദീക്ഷിതരുടെ കാളിദാസത്വ (കവിത്വ)മോ, കാളീദാസത്വ(ദേവീഭക്തത്വ)മോ, അധികമധികം വിപുലവും വിലോഭനീയവുമായിരിക്കുന്നതെന്ന് എനിക്കു നിശ്ചയമില്ല; ആരും പറഞ്ഞുതരുമെന്നും തോന്നുന്നില്ല. രണ്ടും, അഹമഹമികയാ അദ്ദേഹത്തിൻെറ കൃതിരത്നങ്ങളിൽ തെളിഞ്ഞു കളിയാടുന്നു. അതും അത്യത്ഭുതാസ്പദമ

ന്ത്രേ. 'ശ്രീകണ്ഠമതപ്രതിഷ്ഠാപനാചാൎയ്യ'നെന്നും, 'ചതുരധികശതപ്രബന്ധനിൎവ്വാഹക'നെന്നും, 'മഹാവ്രതയാജി' എന്നും, 'ശ്രീശങ്കരാവതാരഭൃത'നെന്നും മററുമുള്ള ഉപാധിശതത്തോടുകൂടിയ സാക്ഷാൽ അപ്പയ്യദീക്ഷിതരുടെ ഗോത്രാപത്യമായ ശ്രീനീലകണ്ഠദീക്ഷിതരിൽ, തൽഗുണധോരണി ധാരാളമായും ധളധളായമാനമായും ദേദീപിക്കാതെ നിവൃത്തിയുണ്ടോ!

ശ്രീനീലകണ്ഠാധ്വരി, "നരസ്തുതേൎവ്വിധാതാരോ ന വസ്തുതഃ ഇമേ ബുധൈഃ ശ്ലാഘനീയാഃ" എന്നുള്ള 'കൃശാനു'വിന്റെ ('വിശ്വഗുണാദൎശ'ത്തിലേ) ആക്ഷേപസൂക്തിക്കു ലക്ഷീഭവിക്കാത്ത ഒരു മഹാകവിയാകുന്നു. അദ്ദേഹത്തിന്റെ സാഹിത്യസംരംഭം ഈശ്വരോദ്ദേശ്യകമായ ഒരുൽകൃഷ്ടയജ്ഞമായിരുന്നു എന്നാണ് പറയേണ്ടതു്. അദ്ദേഹത്തിന്റെ മിക്ക കൃതികളും ഈ തത്വത്തെ തെളിയിക്കുന്നുണ്ടു്.

"കതി കവയഃ, കതി കൃതയഃ,
കതി ലുപ്താഃ, കതി ചരന്തി, കതി ശിഥിലാഃ;
തദപി പ്രവൎത്തയതി മാം,
ശങ്കരപാരമ്യസങ്കഥാലോഭഃ"

എന്നു നീലകണ്ഠവിജയചംപൂകാവ്യത്തിലും,

"സതി സഹ്യസുതാതീരേ, സതി ത്ര്യംബകശീലനേ,
ഗന്തും നിശ്ചിതവാനസ്മി ഗംഗാം കേനാപി ഹേതുനാ.
തപസാ ലഭ്യതാം തസ്യാസ്തപസശ്ച കഠോരതാം,
പശ്യൻ വാചാ തപസ്യാമി കാവ്യസംദൎഭരൂപയാ.

മൂകോപി മുഖരായേത യത്ര സ്മൃതിപഥം ഗതേ
ഉപേക്ഷിതവ്യം തദ്പാദം കഥം കവയതാ മയാ. ൬

ഗൗരീരഥമുഖാദ്ഭോചഃ സ്രവന്തി മമ ജാഹ്നവീം
പ്രഭാവേ ചന്ദ്രചൂഡസ്യ പര്യവസ്യന്തി തത്പതഃ. ൭

ചന്ദ്രശേഖരസവ്യാംഗചരണോന്മാർജ്ജനാംഭസാം
വിവർത്താ, ജഗദുത്സംഗേ വിഹരന്തി മദുക്തയഃ. ൮

കേത്യാ കൃതേതി ജാഹ്നവ്യാഃ പ്രഭാവം വദതീതി വാ,
സന്തഃ സമനുഗൃഹ്ണന്തു നിർഗ്ഗുണാമപി മൽഗിരം." ൯

എന്നു 'ഗംഗാവതരണ'ത്തിലും,

"തൽകർണ്ണേ കുരു നീലകണ്ഠമഹിഷീ
വാചം ശിവൈകാശ്രയാം"

* * * * *

'മലയദ്ധ്വജപാണ്ഡ്യകന്യകാ-
ചരണദ്വന്ദ്വനിവേശിതാത്മനാ
ശിവയോഃ കവിനേദമർപ്പിതം
ശിവലീലാർണ്ണവകാവ്യമത്ഭുതം.'

* * * * *

"ദത്തേ ത്വയാ വാങ്മയരത്നകോശേ
വിക്രീയ ഭുക്തം കില ഭുക്തമേവ;
ശിഷ്ടം ത്വദംഘ്ര്യോഃ പുനരർപ്പയേയം;
ദയസ്വ മീനാക്ഷി! പുരൈവ മഹ്യം."

* * * * *

എന്നു 'ശിവലീലാൎണ്ണവം' മഹാകാവ്യത്തിലും മുക്തകണ്ഠം ഉൽഘോഷിക്കപ്പെട്ടിരിക്കുന്നു.

"അനായതപ്രാണ,മസംയതാക്ഷം,
അബ്രഹ്മചര്യാനശനാദിഖേദം,
ചിത്തം മഹേശേ നിഭൃതം വിധാതും
സിദ്ധഃ കവീനാം കവിതൈവ യോഗഃ"

എന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതു സ്വാനുഭൂതിയെയാണെന്ന് ഏതു സഹൃദയനും തൽകൃതികഠം കണ്ടാൽ സമ്മതിക്കാതിരിക്കയില്ല. സ്വകുലദേവതയെ സ്തുതിക്കുന്നതിൽ എത്രയായാലും അലംഭാവമടയാത്തതാണ് അദ്ദേഹത്തിൻെറ പ്രകൃതി. നോക്കുക:—

"കാചിൽ കൃതാ കൃതിരിതി ത്വയി സാപ്പിതേതി
കാപി പ്രമോദകണികാ ന മമാന്തരംഗേ"

എന്നു "ആനന്ദസാഗരസ്തവ"ത്തിൽ അദ്ദേഹം പറയുന്നു. ചുരുക്കത്തിൽ, "ചന്ദ്രചൂഡചരണാരവിന്ദപരിചരണാനന്ദസാമ്രാജ്യധുരംധരൻ" എന്നു 'നീലകണ്ഠവിജയ'ത്തിൽ മഹേന്ദ്രനു കൊടുത്തുകാണുന്ന വിശേഷണം, ഈ കവീന്ദ്രനു തികച്ചും യോജിക്കുന്നുണ്ടെന്നേ പറവാനുള്ളു.

നീലകണ്ഠദീക്ഷിതർ ഒരു മഹാകവിമാത്രമല്ല, ഒരു വിശിഷ്ടവിമൎശകൻകൂടി ആയിരുന്നു. 'ഗംഗാവതരണ'ത്തിലെ പ്രഥമസൎഗ്ഗത്തിലും, 'ശിവലീലാൎണ്ണ'വത്തിലെ ൧-ാം സൎഗ്ഗത്തിലും അദ്ദേഹത്തിൻെറ വീരവിമർശകത്വം, വേണ്ടപോലെ വ്യക്തീഭവിച്ചിട്ടുണ്ട്. ദുഷ്ടവികളേയും ദന്തിത്രു

പങ്കന്മാരേയും കുറിച്ചു, ദീക്ഷിതക്ക് എത്രമാത്രം വെറുപ്പും വേദനയും ഉണ്ടെന്നുള്ളതും, അദ്ദേഹത്തിന്റെ ഏതുകൃതിയിലും സാമാന്യമായും, പ്രസ്തുതസൎഗ്ഗങ്ങളിൽ അസാമാന്യമായും സ്പഷ്ടീകരിച്ചിരിക്കുന്നു.

ദീക്ഷിതരുടെ സാഹിത്യസരണി എത്രമാത്രം ഗംഭീരമധുരമയിയാണെന്നുള്ളത് അന്യത്ര പ്രസ്താവിച്ചുകൊള്ളാം. അദ്ദേഹത്തിന്റെ കമനീയകലാസാമഗ്രികളിൽ ഓരോന്നിനെപ്പററിയും ഓരോ വിസ്തൃതലേഖനങ്ങൾ എഴുതിയാലേ സംസ്കൃതഭാഷാനഭിജ്ഞന്മാക്ക് അവയുടെ മാഹാത്മ്യത്തെ അല്പമെങ്കിലും മനസ്സിലാക്കാൻ കഴിയൂ.

നീലകണ്ഠദീക്ഷിതക്ക് കവിത ഉണ്ടാക്കാനും, ഉണ്ടാക്കിക്കാനും നല്ല വശമായിരുന്നു എന്ന്

“കത്തും കാരയിതും തഥാ രസയിതും
കാവ്യാനി നവ്യാന്യലം-
ഭൂഷ്ണുൎഭാതി സഭാസഭാജിതമതിഃ
ശ്രീനീലകണ്ഠാധ്വരീ”

(കുശകുമുദ്വതീയം),

എന്നുള്ള അന്യകവിപ്രശംസയിൽനിന്നു വെളിവാകുന്നു.

“നീലകണ്ഠദീക്ഷിതാനാം സദസി സകൃൽ പ്രവിഷ്ടസ്യാപി സമുജ്ജൃംഭതേ സരസപദസന്ദൎഭവൈദഗ്ധീ” എന്നു, ‘പ്രത്യഗ്രപതഞ്ജലി’ ‘അഭിനവവാത്മീകി’ ഇത്യാദി ബിരുദങ്ങളെ ധരിച്ചിരുന്ന മഹാകവി ‘രാമഭദ്രദീക്ഷിതർ’ പറഞ്ഞിട്ടുള്ളതും പ്രസ്തുതതത്ത്വത്തെയാണല്ലോ വ്യ

കരമാക്കുന്നത്.

അക്കാലത്തെ മഹാകവികൾകൂടി ദീക്ഷിതരുടെ പ്രശംസാപത്രംമൂലമാണ് സ്വഗ്രന്ഥങ്ങളുടെ സാധുതാസാരസ്യങ്ങളെക്കുറിച്ചുള്ള അഭിമാനിച്ചിരുന്നത്. ശബ്ദചിത്രത്തിലും അർത്ഥചിത്രത്തിലും മററും അഗ്രഗണ്യനായിരുന്ന ചക്രമഹാകവി,

"ഷഷ്ഠസ്സൂനൃ കൃതാവജായത പരി-
ച്ഛേദോ ന്നതേ പാണ്ഡ്യരാട്-
ചോളോർവ്വീപതി നീലകണ്ഠമഖിഭിഃ
ശ്രീചിത്രരത്നാകരേ"

എന്നു ചിത്രരത്നാകരത്തിലും,

"സർഗ്ഗഃ ഷഷ്ഠ ഇഹാജനിഷ്ട മധുരഃ
ശ്രീനീലകണ്ഠാധ്വരി-
ശ്ലാഘാസീമനി ജാനകീപരി-
ണയേ"

എന്നു ജാനകീപരിണയത്തിലും പറഞ്ഞിരിക്കുന്നതു നോക്കുക.

നീലകണ്ഠദീക്ഷിതരുടെ ആശയഗതി ഭാഷാഭിമാനികൾക്ക് അറിയാൻ പാടില്ലാത്തതല്ല. 'അന്യാപദേശശതകം' 'കലിവിഡംബനം' 'ശാന്തിവിലാസം' ഇതൊക്കെ സഹൃദയന്മാരായ ഭാഷാപ്രണയികൾക്കു ചിരപരിചിതങ്ങളായിരിക്കും. ദീക്ഷിതരുടെ 'സഭാരഞ്ജന'ത്തെ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചതിൽ അഭിജ്ഞന്മാരും മഹാകവികളും ആയ പല മാന്യമിത്രങ്ങൾമാത്രമല്ല, പത്രക്കാരും

മാസികക്കാരും, എന്നെ അഭിനന്ദിച്ചു കണ്ടതുകൊണ്ടാണ് ആ മഹാകവിയുടെ മറെറാരുകൃതിയിൽക്കൂടി കൈകടത്താൻ എനിക്കു ധൈൎയ്യമുണ്ടായതു്. 'വൈരാഗ്യദൈവദ്യുതി' എന്ന ഈ കൃതിയുടെ മൂലം 'വൈരാഗ്യശതക'മെന്ന പേരിലാണ് വ്യവഹരിക്കപ്പെടുന്നതു്. നിൎണ്ണയസാഗരക്കാരുടേയും, 'വാണീവിലാസ'ക്കാരുടേയും പ്രസിദ്ധീകരണങ്ങളേ ഞാൻ തൎജ്ജമക്കു് ആധാരമാക്കീട്ടുണ്ടു്. രണ്ടിലും കണ്ട ഭിന്നപാഠങ്ങളിൽ യുക്തമെന്നുതോന്നിയതു സ്വീകരിച്ചിരിക്കുന്നു. രണ്ടിലുമുള്ള അച്ചുപിഴകളെ യഥാമതി തിരുത്തേണ്ടതായും വരാതിരുന്നില്ല. തൎജ്ജമക്കു പല സമ്പ്രദായങ്ങളുള്ളതിൽ എല്ലാററിനേയും ഏറെക്കുറെ അംഗീകരിച്ചിട്ടുണ്ടു്. ഇതിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സൎവ്വഥാ സഹായിച്ച സഹൃദയകവീശ്വരനായ പി. വി. കൃഷ്ണവാരിയരവർകൾ എന്റെ അപരിമിതമായ കൃതജ്ഞതയേ അർഹിക്കുന്നുവെന്നുള്ളതും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

എന്നു്

ആയാംകുടി<br>24—12—98 } പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി<br>(ഗ്രന്ഥകൎത്താ)

# വൈരാഗ്യവൈദ്യുതി

ഒരു ഭിക്ഷുവിരിക്കുന്നു,
പത്തവ്യയവും കരസ്ഥമാക്കിയവൻ;
അതിൽ രണ്ടു,—'ന മമ'യെന്നു-
ള്ളതു—ഞാൻ യാചിപ്പൂ; വേറെയെന്തുള്ളൂ!

1

ധീമന്ത്രി, ധൈര്യസൈന്യം,
സങ്കല്പാരാതി, ശാന്തിയാം വിത്തം,
ത്രൈലോക്യവിഷയ,മീവക-
യൊത്തൊരു വൈരാഗ്യനൃപസാമ്രാജ്യം.

2

രാജാവിനേ പ്രജാവലി,
രാജാക്കന്മാരരാതിപരിവൃഢരേ,

---

1 'ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം,
തപഃ, സത്യം, ക്ഷമാ, ധൃതിഃ,
ദ്രഷ്ടൃത്വ,മാത്മസംബോധഃ,
ഹ്യധിഷ്ഠാതൃത്വ,മേവ ച—അവ്യയാനി ദശൈതാനി നിത്യം തിഷ്ഠന്തി ശങ്കരേ' എന്നതനുസരിച്ചു പരമശിവനു 'ദശാവ്യയൻ' എന്നു പേരുണ്ടായി. കങ്കടീകജടാടീരരേരിഹാണദശാവ്യയാഃ.' 'ശബ്ദാർണ്ണവ'ത്തിൽ ഇങ്ങനേയുമുണ്ടു്.

വിധിവരെയന്തകനേയും,
പേടിപ്പൂ; നിർഭയൻ വിരക്തൻതാൻ.

3

ഭിക്ഷ തരാൻതാൻ കൊള്ളാം
മാതൃപിതൃകുമാരശിഷ്യഗുരുസംഘം;
സാക്ഷാൽ സ്വപ്നം, വിരക്തനു
ശാന്തിപ്പെണ്ണൊരുവൾമാത്രമരുളുന്നു.

4

ഒന്നും ചെയ്യാനില്ലാ-
തടങ്ങിവാഴുന്ന ധന്യർതാൻ മുക്തർ;
സംശയമിതിലുണ്ടെന്നാൽ,
ഗൌതമനെ സാക്ഷിയാക്കിനിർത്തുന്നേൻ.

5

ആകാശം വീഴട്ടേ,
ഭൂ പൊളിയട്ടേ, നഗങ്ങളിളകട്ടേ,
ആഴികളൊന്നായ്, കീഴ്മേൽ-
മറിയട്ടെ ജഗത്തു, മുക്തനെന്തൂനം!

6

കള്ളന്മാർ, ലുബ്ധന്മാർ,
മാററാർ, ബന്ധുക്ക—ളിവരവനില്ല,
ലോകം മുഴുവൻ കീഴാം;
കെട്ട മനം കീഴിലാക്കുവോ,നെന്നും.

7

---

5 "ദുഃഖജന്മപ്രവൃത്തിദോഷമിഥ്യാജ്ഞാനാനാമുത്തരോത്തരാപായാദപവർഗ്ഗഃ" എന്നു 'ന്യായദർശനസൂത്ര'ത്തിൽ ഗൌതമമഹർഷി പറഞ്ഞിരിക്കുന്നു.

വിഷയങ്ങളിരുന്നോട്ടേ,
കരണങ്ങൾ കലർന്നിടട്ടെയവയൊടലം;
ആന്തരമാമൊരു കരണം
ശാന്തതയാർന്നാൽ, ജയിച്ചു നാം നൂനം.

8

പാമരർ, വൈരാഗ്യാർത്ഥം
മേരുഗ്ഗുഹയ്ക്കുള്ളിലെന്തിനമരുന്നൂ;
വെള്ളം പററാതാവാൻ
ചെന്താർ പൊടികളിൽ മുളപ്പതില്ലല്ലോ?

9

ഭവരോഗത്തിൻകാരണ-
മജ്ഞാനം, ജന്മമേതദാരംഭം;
തികവ,തി,'നിടപാട'ത്രേ,
മരുന്നതിനുററ ശാന്തിയേയുള്ളൂ.

10

നിജഭുക്തപദാർത്ഥത്തേ,
സൂകരവർഗ്ഗസ്മരൻകണക്കെ ജവം,
പാരം വെറുത്തു പാടേ,
ധീരൻ വൈരാഗ്യമാദരിച്ചീടും.

11

കൌമാരത്തിൽ ശിശുതയെ,-
യതിനേ തരുണതയി,ലതു വയസ്സായാൽ,
ഇഷ്ടപ്പെടാത്തപോലേ;
ശാന്തി ലഭിച്ചോർക്കനിഷ്ടനലരവൻ.

12

---

8 ആന്തര.....കരണം=മനസ്സ്;

പലപടി പരിശോധിച്ചീ-
വിഷയങ്ങളെ വിട്ടിടുന്നു ധന്യന്മാർ;
ഛർദ്ദിച്ചവയെക്കാക്കകൾ-
പോൽ,അവയെത്താൻ ഭുജിപ്പൂ മററവരെല്ലാർ.

13

മാതാപിതാക്കൾ, കുട്ടികൾ,
ദാരങ്ങൾ—പരാ വിഷണ്ണരിവരെല്ലാം;
പ്രേമം വെടേണ്ട സമയ,-
ത്തിങ്ങനെ വിരജീഭവിപ്പൂ ധീരന്മാർ!

14

കാററിൽ കരിയിലപോലേ,
സ്ത്രീനാമത്തിൽ ഭ്രമിപ്പൂ, ചപലന്മാർ,
കുന്നുകൾപോലതിലൊട്ടും
കുലുങ്ങിടുന്നില്ല ശുദ്ധചിത്തന്മാർ.

15

കാമികൾ കൊണ്ടാടീടും-
കാമസുഖം കണ്ടിടുന്നു വഷങ്ങളായി,
ശമസുഖസമ്പന്നന്മാ-
രമൃതാശനർ സൂകരാന്നമെന്നവിധം.

16

സങ്കുചിതേതരവിജ്ഞത
തങ്കും ചിലർ, ചലനമാത്രമിയലുന്നോർ,
തൻകർമ്മങ്ങളെയും ഹാ!
പരകർമ്മാവലികണക്കെ കാണുന്നു.

17

വേണ്ടാത്തതിലാശിച്ചഥ
വേണ്ടാത്തേടത്തു തൃപ്തിയേൽപവരെ,
ധീരരുമനുവത്തിപ്പൂ;
ജനകർ കളിക്കും കിടാങ്ങളെപ്പോലെ.

18

വെള്ളമൊഴിപ്പോനില്ല,മൽ-
ഫല്ലസ്സമം കക്കവോനിലും വൃക്ഷം,
ഒരുപോലമരുംപോലേ
ബുധർ നിൽപൂ,സ്വഗുണദോഷകൃത്തുകളിൽ.

19

നിത്യാനിത്യവിവേകം
സകലർക്കും 'ഘടഘടത്വ' മതിലുണ്ടാം;
അവിവേകം താനാവകൂ
ശാന്തിയണയ്ക്കുന്നതൊന്നു സുവിവേകം.

20

അറിയാത്തൊരു കാമസുഖം
തരുണരേ കാലക്രമേണ കിട്ടുംപോൽ,
ഭാഗ്യവശാൽ ബ്രഹ്മസുഖം
കൈവരുമൊരു ധന്യ;നത്രയേയുള്ളൂ.

21

കാണാം, സ്വതന്ത്രഭാവം,
ഭാഗം, രണ്ടാംവിവാഹ—മിവയിങ്കൽ,

---

20 ഘടം, അനിത്യം. ഘടത്വം, നിത്യം എന്നു നൈയായികമതം.

പുത്രസഹോദരഭാൎയ്യാ-
ഗുണങ്ങൾ, മോക്ഷാൎത്ഥിയാമവനെന്നും.

22

'എന്താണെനിക്കു ഗതി'യെ-
ന്നൊടുവിൽ ശ്വാസം വിട്ടപ്പൊഴും സ്വാത്മം,
ചോദിക്കുന്നവനായും
പാപന്മാർ പാപമാചരിക്കുന്നു!!

23

തനയരെയറിയിക്കുന്നു
പിതൃഭക്തിയെ,യച്ഛനായ് കലമ്പുന്നു,
പരദാരങ്ങളെ വേൾപ്പൂ,
ദാരങ്ങളൊടോതിടുന്നു ചിലർ ധൎമ്മം!!

24

ശാന്തിയലഭ്യോപരമം,
ദക്ഷിണ വാങ്ങാള്ളുതാനപാത്രതയും,
ക്ഷാന്തിയശക്തത—ഹാഹാ!!
നിവൃത്തിധൎമ്മങ്ങൾ, കലിയി,ലിവയായി.

25

നീതിജ്ഞൻ, നിയതിജ്ഞൻ,
വേദജ്ഞൻ, ശാസ്ത്രവിജ്ഞനിവരേപ്പോൾ,
ബ്രഹ്മജ്ഞനുമുണ്ടെന്നും;
സ്വാജ്ഞാനജ്ഞാനി മാത്രമില്ലെങ്ങും.

26

---

25 അലഭ്യോപരമം=കിട്ടില്ലെന്നു നിശ്ചയമുള്ള വ-
സ്തുവിങ്കൽ വൈരാഗ്യം.

കലികലുഷമാകുമുള്ളിൽ
കൊള്ളുവതെങ്ങനെ, ജഗത്തിൃജുഭാവം;
കണ്ണിനു കേടുള്ളവാകിൽ
കാണ്മാൻ പണിതന്നെ വസ്തുഭേദങ്ങൾ.

27

വിഷയം സ്വവശത്താക്കാൻ
വിഷയിമനസ്സിനെ നയിക്കുവിൻ നേരേ;
കണ്ണിനു വേണ്ട മരുന്നുകൾ
കാണേണ്ടതിന്നേകിയാരു സുഖമേൽക്കും?

28

സുതരിൽ സക്ത സധർമ്മിണി,
പുത്രന്മാർ പിതൃധനാഗ്രഹവ്യഗ്രർ,
അമ്മ കരഞ്ഞുകിടപ്പൂ;
പരലോകം പൂകുവോനു ബന്ധുവെവൻ?

29

മരണം, കാണാ,മനുമി-
ച്ചീടാം, ചൊല്ലാം, നിനച്ചിടാ—മെന്നാൽ,
എന്നിട്ടും മനുജാവലി
നിത്യനിലക്കല്ലയോ വസിക്കുന്നു!!

30

വിഷമിപ്പൂ മൂർഖന്മാർ
'നാളെക്കാലത്തു ജാമ്യ'മാരെന്നായ്;

---

27. ഋജുഭാവം=കൌടില്യമില്ലായ്ക.

29. സധർമ്മിണി=ഭാര്യ.

ആ രാവിൽത്താൻ താൻ ചാ-
വില്ലെന്നുള്ളതിനു ജാമ്യമാരാണോ!!

31

അടിമുതൽ മുടിവരെ,യകവും-
പുറവും കലിമലമിയന്ന മെയ്യിങ്കൽ
ഗംഗാജലവും വെറുതേ;
ദർപ്പിടി മധുഘടത്തിലെന്നതുപോൽ.

32

എങ്ങനെ രക്ഷിക്കുന്നു
സൌഖ്യാർത്ഥം ദണ്ഡ്യമായൊരുടൽ മനുജർ;
ശക്കരയിൽ കൊതിയുള്ളോർ,
കരിമ്പു പൂജിച്ചുവെയ്പതില്ലല്ലോ.

33

വൻതോട്ടുകൾ വെട്ടി,മുഖ
ഭിത്തികൾ കെട്ടിച്ചു, പോത്തിനേ വാങ്ങി,
ചെയ്യേണ്ടതൊക്കെയും താൻ
ചെയ്യതുപോലേ നടിച്ചിടുന്നു ചിലർ.

34

സാധാരണ മോഹിപ്പു
ജീവികൾ, ജീവൻ വെടിഞ്ഞിടും നേരം;
പുണ്യത്താലതെഴാത്തിൽ,
പുത്രന്മാരേ സ്മരിച്ചു ചാവുന്നു!

35

ഉള്ളിലെയഗ്നി കെടാനായ്
സംസാരക്കടലിൽ നിങ്ങൾ മുങ്ങുന്നു;

---

35 മോഹിപ്പു=ബോധംവിടുന്നു.

മഞ്ഞിൻറുയിർ കളയാനായ്
വീട്ടിനിനിത്തീ കൊളുത്തിയേക്കല്ലേ!

36

പെരിയൊരു ധനം പിടുങ്ങും,
രാജാവോ കള്ളനോ കടന്നൊരുനാൾ;
വല്ലാതെ വയർ നിറച്ചാൽ
ഛർദ്ദ്യതിസാരത്തിലൊന്നു വരുമല്ലോ?

37

കരുതി,ച്ചിലവിടുമർത്ഥം
തുച്ഛസുഖത്തിന്നു മാത്രമുതകീടും;
തീരെ ത്യജിക്കി,ലായതു
പരമാനന്ദം തരുന്നതായ്ത്തീരും.

38

കുമ്പിട്ടവത് കഥിക്കും,
പ്രലപിക്കും, ചിരമങ്ങു, യാചിക്കും,
ഭൂതാവിഷ്ടൻപോലേ,
തൃഷ്ണക്കിരയായ പുരുഷപാശന്മാർ.

39

ജന്മത്താൽ പിതൃജനനികൾ,
ജാമാതൃസുതൗഘമോ വ്യയംമൂലം,
കലഹംമൂലം ജ്ഞാതിക:—
ളെന്നു വരുന്നേരമെന്തു തേടേണം!

40

അച്ഛൻ പരലോകത്തിൽ
സുഖിപ്പതിന്നെന്തു ചെയ്യിടും പതിവായ്,

അത്തതാനായുപമാനം
പുത്രന്റെ വിരാഗതയെക്കൂട്ടുക്കരുതേ?

41

ദാരിദ്ര്യം തീണ്ടായ്കിൽ
പാരിൽ സൌദൃഷ്ടമേത്ര ലക്ഷണമവും;
പൂരിക്കായ്കിൽ കാമം,
താരിന്മകനോള,മലക—മരിക്യപണം.

42

ജാതിധനത്വമതാവി,-
ല്ലേതവന ഹിത,മതാണവന്നു ധനം;
മൂർഖക്ക്‌ഭൂമിത്തു’മാമത്തു,
പണ്ഡിതധനമോ വിശുദ്ധദാരിദ്ര്യം.

43

കൈകൾക്കൊണ്ടെന്നാൽ ദൂരയേ,
കൈക്കൊള്ളണാം ജഗത്തുമുഴവൻ താൻ;
ശാന്തിയെയുൾക്കൊണ്ടെന്നാൽ
തന്നാത്മാവും പരന്റേയായേയ്ക്കാം!

44

ദാതാവിന്നെ വശമാക്കും,
കൂട്ടരെയൊക്കെപ്പുറത്തു നിർത്തീടും,

---

43 ജാതിവാചകമാണ് വ്യക്തിശബ്ദം. ജാതി ഏതിനും ഒന്നേ ഉള്ളതാനും. അപ്പോൾ ധനം എന്നത് ഒന്നേ ഉള്ളൂ എന്നു വരാതെപോകും. ‘ധനത്വം’ ധർമ്മമാക്കിയാൽ ഈ വൈഷമ്യമില്ല. അപ്പോൾ ഇഷ്ടം കിട്ടുകയും ചെയ്യും.

ലജ്ജയശേഷവുമില്ലീ;—
ലോഭത്തിനു തുല്യമെന്തു ലോകത്തിൽ?

45

പാണളവു വരെ നിറയ്ക്കാൻ,——
എന്തിനിവണ്ണം കിണഞ്ഞു പണിയുന്നു;
കരതലജലലാഭത്തിനു
കുളമെന്തിനു ഹന്ത കുത്തിടുന്നു വൃഥാ!

46

അരയാമമുണ്ടിടായ്കിലു,–
മരയാമം തെല്ലുലഞ്ഞുപോവുകിലും,
വെളിവാം മെയ്യിൻമഹിമയിൽ
മൂഢന്മാർക്കുള്ള സക്തി നിസ്തുല്യം!

47

തരുണിയെ 'മലടിയിതെ'ന്നും,
മക്കൾ പരം വായ്ക്കുവോൾ 'കിഴവി'യെന്നും,
അല്പസുതയെയവ്വണ്ണവു,–
മാക്ഷേപിക്കും ഗൃഹികൾ സുഖദയെവൾ?

48

വ്യസനിപ്പൂ വേൾക്കാത്തവർ,
വേട്ടവർ ഭാര്യാദ്വയാനവാപ്തിയിലും,
അവർ പരദാരാലാഭാൽ;
സ്ത്രീതൃപ്തരെ നമ്മൾ കാണ്മതില്ലെങ്ങും.

49

---

48 മലടി=വന്ധ്യ (പ്രസവിക്കാത്തവൾ)
49 ഭാര്യാ......പ്തിയിൽ=രണ്ടു ഭാര്യമാരില്ലാത്തതിൽ.

കാമന്നടിമപ്പെട്ടവതി-
ലുലകമിതെല്ലാമൊരേകണക്കത്രേ;
സുരനരതിര്യഗ്ഭേദം,
ചേറോ വിഷയത്തിൽ മാത്രമേയുള്ളൂ.

50

മലമൂത്രക്കുഴിപോലേ
തേജോമോചനപദത്തെ വിധി തീർത്താൻ,
"പെണ്ണുങ്ങളെന്നൊരെണ്ണം";
ജനതയിതിൽ പൊങ്ങിടാതെ മുങ്ങുന്നു!

51

"വേദം പഠിച്ചു, വിധിപോ,-
ലതിനെഴുമർത്ഥങ്ങളും ധരിച്ചു പരം,
വേളി കഴിക്കണു"—മെന്നീ-
പ്രഹസനമെഴുതിയവനേവനാ,ണമ്പോ!!

52

അധികം കിണഞ്ഞുനേടി,-
പ്പാലനലാളനമഹർന്നിശം ചെയ്തു,
നാരികളെന്നുള്ളരികളെ
മൂർഖന്മാരനുഭവിപ്പൂ, 'മൂക്കററം'!

53

തീനും, കുടിയും, കടിയും,
ചെയ്പി;നുറങ്ങിൻ, കിടപ്പി,നെഴുന്നേല്പിൻ;

---

53 'മൂക്കററം'=തൃപ്തിയാവോളം എന്ന അർത്ഥത്തിൽ 'ശൈലി'.

ഒരുനേരമെങ്കിലും താ-
നോൎക്കുക, "ചാക്കെന്നൊരെണ്ണമുണ്ടെ"ന്നായ്.

54

കീഴിലെഴുവൊത്തുഴികൾ, കൈ-
ത്താരിൽ വരും മേരു, ദിവ്യസുന്ദരിമാർ;—
ഈവകയെന്തിനു കൊള്ളാം,
ചാവണമെന്നായ് വരച്ചിരിക്കിലജൻ.

55

സ്വല്പം നാൾ ജീവിപ്പൂ,
സ്വല്പമതിൽ ശ്രുതി പഠിച്ചു കളയുന്നു;
പഴയവയപ്പോഴേക്കുമി-
ളക്കി,പ്പുതുതായ് ചമയ്പൂ, തന്ത്രങ്ങൾ.

56

സ്വല്പം ജീവനകാലം,
സ്വല്പംതാൻ ബുദ്ധി,യറിവുമല്പംതാൻ;
എങ്കിലുമുണ്ടൊരു കഴി,വീ-
ശ്രുതികൾ ജനിക്കായ്ക്കിലെന്നു തോന്നുന്നു.

57

എവിടുന്നു വന്നി,തെങ്ങോ-
ട്ടാണു ഗമിക്കേണ്ട,തൊന്നുമറിവില്ല;
ഇരുളടയും സംസാര-
പ്പെരുവഴിയിൽ പോവതെങ്ങു നീയിപ്പോൾ.

58

ഇരുളിൽ നടന്നീടുന്നോ,-
രൊന്നും കാണി,ല്ലടുത്തുമകലെയുമേ,

---

55 അജൻ=ബ്രഹ്മാവ്.

തലയിലടിച്ചെന്നാലേ
മൂർഖന്മാരെക്കാട്ടറിഞ്ഞിടാൻ കഴിയൂ.

59

കണ്ണടയും സ്ത്രീകൾക്കി,-
ങ്ങു,ങ്ങവരെന്നും മിഴിച്ചുതാൻ വാഴും;
ഇതുതാൻ വിണ്ണിൽ വിശേഷം;
പിന്നെയതിന്നായ് ഭ്രമിപ്പ,തെന്തിന്നോ!

60

കുംഭജകോപം, ഗൌതമ-
ശാപം, രണ്ടും നിനക്കി,ലൊരുനേരം;
ശത്രുവിനും കൈവരരുതു
ശക്രസ്ഥിതി,യെന്നറിഞ്ഞിടാമാക്കും.

61

വിണ്ണിലണഞ്ഞിട്ടേ,
പോകട്ടേ സത്യലോകമതിലുംതാൻ;
തിരിയെപ്പോരണമെങ്കിൽ
പിന്നെസ്സാധിച്ചതെന്തു പാൻ പുരുഷൻ?

62

ഉണ്ടായ് ഭാര്യകൾ വളരെ,-
പ്പുണ്ടാർ പുത്രരെ--യതല്ല പൌത്രരെയും;
ന്നായ് വയസ്സു,—മോർക്കുക
സത്യം, മൃത്യുവിന്നൊരുക്കമായോ നീ?

63

---

61 കുംഭജൻ=അഗസ്ത്യമഹർഷി. ശക്രസ്ഥിതി=
ഇന്ദ്രപട്ടം.

വേർപിരിയുംമട്ടെഴുമീ-
വിഷയങ്ങളിലാർ മമതപമേന്തീടും;
ചാവാറായ ഹയത്തെ
പണമേകിക്കൊണ്ടു വാങ്ങിടുന്നതെവൻ?

64

ചോറില്ലെന്നാൽ മരണം;
നെല്ലാൽ താൻ ചോറു; നെല്ലു വർഷത്താൽ;
വർഷം തപസ്സിനാ;ലെ-
ന്നറിഞ്ഞു, ചാകായ്വതിന്നു ചെയ്യു തപം.

65

മതി നിഗ്രഹിപ്പതില്ലേ,
ശിവനേ ശരണം ജനങ്ങളണവില്ലേ;
ഉദ്ദേശഭേദമൊന്നാൽ,
മോക്ഷോപായങ്ങളാൽ പ്രബന്ധരുമാം.

66

ഭോഗത്തിനു മൂഢർക്കും,
യോഗത്തിനു പാണ്ഡിതർക്കുമീദ്ദേഹം,
ഉതകുന്നു; രണ്ടിനും ഹാ!
ദുർല്ലളിതന്മാർക്കു കൈവരുന്നില്ല;

67

ബ്രാഹ്മണചണ്ഡാലന്മാ-
രെന്നു മഹാപഥികരെക്കഥിപ്പു മനു;
ആയതു ഭവമാർഗ്ഗമഹാ-
പഥികന്മാരേക്കുറിച്ചുതാൻ നൂനം.

68

---

67 ദുർല്ലളിതന്മാർ=അല്പജ്ഞന്മാർ.

അരചരിലൊന്നോ രണ്ടോ,
രണ്ടോ മൂന്നോ പെടുന്നു വിണ്ണവരിൽ,
അഞ്ചാറു താർമകനിലും,
ബ്രഹ്മാനന്ദാംബുരാശിബിന്ദുക്കൾ.

69

അജ്ഞാനത്താൽ മൂടുകിൽ
വിജ്ഞാനം, പിന്നെയെന്തു ചെയ്യീടും;
ഇരുളാൽ കാഴ്ച മറഞ്ഞാൽ
വായ പൊളിച്ചെന്തു കാണുവാൻ കഴിയും?

70

'അതികലുഷ,മാത്മനശ്വര,-
മാപാതസ്മരണ,മനഭിലാഷകരം;'
അവ്വണ്ണമല്ല തത്ത്വ-
ജ്ഞാനം പൂണ്ടും, ജനങ്ങൾ തെളിയുന്നു!

71

കോടി കൊടുക്കും ദ്രവ്യം,
'ക്ഷുല്ലന്മാർ', നിന്ദ്യഭോഗലാഭാർത്ഥം;
വിലപത്തിന്നിലയഞ്ചാ,-
റേകീ,ട്ടവർ വാങ്ങുകില്ല കൈവല്ല്യം.

72

എത്രവരെയും ചേഷ്ടിച്ചിട്ട,-
ത്രവരെയും കയറിലുള്ള കെട്ടഴിയാ;
മിണ്ടാതിരുന്നുവെന്നാൽ,
കാലത്താൽ കയറു മെല്ലെയയഞ്ഞുവല്ക്കും.

73

---

71 പൂർവ്വാർദ്ധം=മൂലംതന്നെ.

ശ്വാസമടക്കി,ഝ് ഭക്ഷണ-
പാനാദികൾ വിട്ടിടുന്ന മുനിമാരെ,
ജനതതി വാഴ്ത്താൻ മൂലം,
കണ്ഠത്തിൽ കനകപ്പാശമണിയുകതാൻ.

74

കൌതുകികളാകുമാരും
കൈലാസവിലാസവർണ്ണനം കേട്ടാൽ,
സാധനസംഹതിയൊതുക്കി,-
ലിവർ തലകുമ്പിട്ടിടുന്നു, വമ്പിട്ടിൽ,

75

വംഗാദിദേശവൃത്തം,
തുംഗാമോദത്തൊടാരുമേ കേൾക്കും;
കാലപുരത്തിലെ വാർത്തക,-
ളാലോചിച്ചറിവതിന്നു വിമുഖരവർ!

76

വെടിയേണം മമതയെ,യത്ര
സാധിക്കാൻ വിഷമ,മെന്നു വന്നിടുകിൽ,
കൈക്കൊണ്ടുകൊൾക മമതയെ;..
യെന്നാലെങ്ങും പെടേണമതു സദ്ബന്ധം.

77

പുത്രകളത്രാദികളേ,
പോററാനു,ണ്ടെന്നു ചൊൽവൂ മൂർഖന്മാർ;

---

76 കേൾക്കും=ചോദിക്കും.

അന്ധതമസമഗ്നന്മാ-
രറിയുന്നി,ല്ലാത്മപോഷണം കൃത്യം!!

78

നരകത്തിലു,മവ്വണ്ണം
ഗർഭത്തിലു,മോർത്താച്ച സംഗതികളും,
വിഷയക്കാറാടിമൂലം,
മൂലത്തോടേർത്തിതൊരുഞൊടിയിൽ.

79

പുറമേ പോയ് വരുമ്പോഴീ,
പ്രാണൻതൻ ശ്വാസരൂപസംവൃത്തി,
മാനസനിലയെ വലിപ്പൂ;
കുലീനയാം സാദ്ധ്വിയേ കുലടപോലെ.

80

'അതിഗംഭീര,മനാവില,
മക്ഷോഭ്യ,മദൃഷ്ടപാര,മവിലംഘ്യം,'
ആവിരളതരംഗതരളം,
ബുദ്ധ-വിജ്ഞാനാബ്ധി കാണ്മതെന്നോ ഞാൻ ഹാ!

81

ഘോരഭവത്തെയറപ്പാൻ
പ്രാപിപ്പൂ ചില,രഘോരഭവപാദം;
സംസരണവിഹ്വലർക്കൊരു
സംശരണം, ശൈവശക്തിതാൻ നൂനം.

82

---

81 പൂർവ്വാർദ്ധം=മൂലംതന്നെ.

പാശം പോകണമെങ്കിൽ
പശുപതിയെത്തന്നെ നാം ഭജിക്കേണം;
പാശത്താൽ കെട്ടെഴുമീ-
പശുവൃന്ദം, തമ്മിൽ മോചനം ചെയ്കാ.

83

മതിമതി, ഞാനാർന്നീടിന
മാതാവാലും, പിതാവിനാലും, മേ,
ഇനിയുമതു വേണമെന്നാം,-
ലവരുടെ പപ്പാതിതാൻ ഭവിച്ചോട്ടേ.

84

അവർ ധന്യന്മാർതന്നേ,
സ്വാമികൾ ധാരാളമുള്ള ബഹുദേവർ;
എന്നാൽ ഞാനറിയാതാൻ
സംപൂർണ്ണസ്വാമിത്വം, യൊരുത്തനെയും.

85

ദേവന്മാർ പലരുണ്ടി-
ങ്ങെന്നാ,ലെന്മതിയവർക്കു നതി,ചെയ്യാം;
'ആദ്യവദാന്യന്യായി'യ,-
ന്തകഹന്താവുതാനതിനു ഹിതൻ.

86

ചിന്തിപ്പൂ വിഷയസുഖം,
ചിന്തിക്കുന്നില്ലതിന്റെ വൈഷമ്യം;
ബന്ധനമോചനകരനാം
ബന്ധുവിനെത്താൻ ഭജിക്ക മനമേ! നീ.

87

ധന—സാദന—ചരണചയമു,-
ണ്ടത്യാശ്രമവത്തികൾക്കു,മറ്റു പക്ഷേ,
ഈഹാനിരോധന-ഗുരു-
പസദന—പഞ്ചാക്ഷരീപുരശ്ചരണം!

88

അവർ കല്പിപ്പതുതാൻ വിധി,-
യവർ ചെയ്യാത്തുള്ളതാണു സുനിഷിദ്ധം,
അവരോതുവതാം വേദം;
ശൈവാശ്രമവത്തിമാർകൾ യാവച്ചിലർ.

89

രക്ഷക,നച്ഛൻ, മാതാ,-
വിധ,രിവ,നലകിന്നോഴ്ന്നോരവർതന്നെ;
ഭേദസ്ഥിതി വിട്ടവനൊടു
ചോദിച്ചീടേണ്ടതൊന്നുമില്ലല്ലോ?

90

തുച്ഛം സംസാരം വി,-
ട്ടച്ചന്ദിരചൂഡനേ ഭജിയ്ക്കുക നീ;
വേദത്തെ വിശ്വസിയ്ക്കുക,
വിശ്വം മുഴുവൻ നിനക്കു വശമാവും.

91

---

88 ഈഹാനി.....ചരണം=വിഷയവൈരാഗ്യം, ഗുരുശുശ്രൂഷ, മന്ത്രോപാസനം.

91 ചന്ദിരചൂഡൻ=ചന്ദ്രചൂഡൻ. (‘ചന്ദിരോനേകപേ ചന്ദ്രേ’ എന്നു വിശ്വം)

ദുൎമ്മേധസ്സാം വിധി, വിധി-
യെഴുതട്ടേ തലയിലെന്തു,മെന്തിൽ മേ;
ശിവനുടെയിടതോ വലതോ
ചരണം, ശരണം ഗമിക്കുമീയുള്ളോൻ.

92

വിധിയെങ്ങനെ, ഹരിയെങ്ങനെ,-
യെന്നായ് ചോദിപ്പതിന്നു ഞാൻ മൂകൻ;
ശിവനൊരുവനെയറിയും ഞാ-
നല്ലാതാരെയുമെനിക്കു തിരിയില്ല.

93

ഭീതിദമസിപത്രവനം,
ഭീതിദമതിമാത്ര,മന്ധതാമിസ്രം,
അതുകൊണ്ടെന്തു നമുക്കൊരു
ഹതിയേൽക്കും, ശൈവർ നമ്മളെല്ലാരും.

94

ഘോരമഖത്തിൽ ദീക്ഷിത,-
നെൻകുലകൂടസ്ഥനാം ഭരദ്വാജൻ,
വിദ്യേശ്വരരിലൊരു പിതാ-
മഹൻ നമു,ക്കെന്നുതന്നെ വിശ്വാസം.

95

കലഹമൊരിക്കലുമരുതെ,-
ന്നൊരുമയി,ലൊരു മെയ് കലൎന്നു വാഴുന്നോർ,

---

94 അസിപത്രവനവും അന്ധതാമിസ്രവും ഓരോ നരകവിശേഷങ്ങൾ.

ശിവ,രെന്നോ കാക്കുന്നതിൽ
'ഞാൻ ഞാ'നെന്നാൎന്നിടുന്നു ബഹുകലഹം!

96

നരകസമം ഭോഗത്തെ,
നരാധമരൎക്കൊപ്പമന്ന്യസുരരെയുമേ,
കരുതുന്നു, ധന്ന്യരാം ചിലർ,
മാഹേശ്വരയോഗമാശ്രയിക്കുന്നോർ.

97

വിഷയം വി,ട്ടാത്മാവിൻ-
സാക്ഷാൽകാരത്തി, നാകയില്ലെങ്കിൽ,
എല്ലാവരും ഗമിക്കുക
ന്നോല്ലാസം കാശിയിങ്കലേക്കു ജ.വം.

98

സാംഖ്യം, യോഗം, നിയമം,
കൎമ്മജ്ഞാനങ്ങൾ, ഭക്തിയിവയെല്ലാം
ഒരിടത്തിരുന്നിടുന്നു;
കാശി തനിച്ചന്ന്യദിക്കിലമരുന്നു!

99

ബന്ധനെവൻ ചൊല്ലിത്തരു-
മുക്തികളാൽ, മുക്തി, മുക്തനും തിരിയാ;
കാശിയിലേക്കു തിരിച്ചാ,-
ലീശമുഖത്തിങ്കൽനിന്നതറിയും നീ.

100

സുഗൃഹീതമല്ല വേദം,
നിഗൃഹീതവുമല്ല ചഞ്ചലം ഹൃദയം;

മുക്തിയിലാശയുമു,ണ്ടുരു–
ഭക്തിയോടെ പോയിടുന്നു കാശിയിൽ ഞാൻ!

101

‘വൈരാഗ്യശതക’കൃതിയേ
സ്വാരാട്ടിൻഭാഷയിങ്കൽനിന്നോരാം
‘ഈ രാമൻ നമ്പൂതിരി’
ചേരാവനിസൂക്തിയിങ്കലാക്കി മുദാ,

102

സമാപ്തം

---

102 ഉത്തരാർദ്ധത്തിലെ ശ്ലേഷോക്തി, ഗ്രന്ഥകാരന്റെ വിനയവിശേഷത്തെ വിദ്യോതിപ്പിക്കുന്നു,

UNIVERSITY LIB[illegible]
25 JUL 1945
MADR[illegible]
B 124

MUL
051120